**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5122**

15.11.2019 ൽ മറുപടിയ്ക്ക്

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്ക് നാമകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **എ.സി. മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നും നിർമ്മിക്കുന്നതോ ജനപ്രതിനിധികളുടെ ഫണ്ടിൽ നിന്ന് നിർമ്മിക്കുന്നതോ ആയ ആസ്തികൾക്ക് നാമകരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | നഗരസഭകളിൽ നിക്ഷിപ്തമായതും പരിരക്ഷിച്ചു പോരുന്നതുമായ പൊതു നിരത്തുകൾ നാമകരണം ചെയ്യേണ്ടതും അത്തരം പൊതു നിരത്തുകളുടെ പേരുകൾ ബന്ധപ്പെട്ട വാർഡ് കമ്മിറ്റികളുടേയോ, വർഡ് സഭകളുടേയോ അഭിപ്രായം പരിഗണിച്ച് മാറ്റാവുന്നതാണെന്നും 1994 – ലെ കേരള മുൻസിപ്പൽ ആക്ട് 379-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും നിർമ്മിക്കുന്ന ആസ്തികൾക്ക് നഗരസഭ കൗൺസിലിന്റെ തീരുമാനപ്രകാരം നാമകരണം നടത്തി വരുന്നു എങ്കിലും ജനപ്രതിനിധികളുടെ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികൾക്ക് നാമകരണം നടത്തുന്നത് കേരള മുനിസിപ്പൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>ഗ്രാമപഞ്ചായത്തുകൾ തനതുഫണ്ടോ, മറ്റേതെങ്കിലും കേന്ദ്ര സംസ്ഥാന ഫണ്ടുകളോ വകയിരുത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ആയത് ഏത് പൊതുസേവനത്തിനാണോ അല്ലെങ്കിൽ സൗകര്യത്തിനാണോ ഉപയോഗിക്കുന്നത് അതിന്റെ പേരും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പേരും |

| | | | |
|---|---|---|---|
| | | | കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് നാമകരണം ചെയ്യുന്നതുപോലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(6) പ്രകാരം നാമകരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം ഉണ്ട്. |
| ബി) | തദ്ദേശസ്ഥാപന ഭരണ സമിതിയുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യക്തികളുടെ സ്മരണാർത്ഥമുള്ള പേരുകൾ ആസ്തികൾക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഇത്തരത്തിൽ നാമകരണം നടത്താൻ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ; | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യക്തികളുടെ സ്മരണാർത്ഥമുള്ള പേരുകൾ ആസ്തികൾക്കുപയോഗിക്കുന്നതിന് നിലവിൽ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥയില്ല. |
| സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്ക് നാമകരണം നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ? | സി) | സർക്കാരിന്റെ 6184/ഡിപി1/03/ത.സ്വ.ഭ.വ. തീയതി 6/02/2003 സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനത്തിന്റെ പേര് ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരിലാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

(signature)

**സെക്ഷൻ ഓഫീസർ.**

/ഡിപി1/03/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം
തീയതി : 06.02.2003

## സർക്കുലർ

വിഷയം: തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനത്തിന്റെ പേര് ആ തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേരിലാക്കുന്നത് സംബന്ധിച്ച്

സൂചന : 24.1.03-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗ തീരുമാനം നമ്പർ 1.9

വികേന്ദ്രീകൃതാസൂത്രണം നിലവിൽ വന്നതോടുകൂടി സർക്കാർ നിരവധി സ്ഥാപനങ്ങളും മറ്റും സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. എന്നാൽ ഈ കൈമാറിയ സ്ഥാപനങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേരിൽ അറിയപ്പെടണം എന്നതു സംബന്ധിച്ച് നിരവധി സംശയ സർക്കാരിന് ലഭിച്ചു. ഈ വിഷയം സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ തീരുമാനമെടുക്കു താഴെ പറയുന്ന വിധം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(1.) 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(6) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് റിയ സ്ഥാപനങ്ങൾ ആ പഞ്ചായത്തിന്റെ സ്ഥാപനമായിരിക്കേണ്ടതും ആ പേരിനാൽ അത് അറി ണ്ടതും ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

(2.) വകുപ്പ് 172(5) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ ആ ിന്റെ പേരിനാൽ അറിയപ്പെടേണ്ടതും ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

(3.) വകുപ്പ് 173(5) പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ ആ ജില്ലാ യത്തിന്റെ പേരിനാൽ അറിയപ്പെടേണ്ടതും ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

(4.) 1994 -ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 30(6) പ്രകാരം കൈമാറിയ സ്ഥാപനങ്ങൾ ഗരസഭയുടെ പേരിനാൽ അറിയപ്പെടേണ്ടതും ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

(Section Officer)